# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 272 30.11.2015-ൽ മറുപടിയ്ക്ക്

**ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ അനധികൃത മദ്യവും മയക്കമരുന്നും വ്യാപകമായി എന്ന ആരോപണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ വളരെക്കുറച്ച് വിലയ്ക്ക് ലഭിക്കുന്ന അനധികൃത മദ്യവും മയക്കമരുന്നുകളും വ്യാപകമായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് തടയുന്നതിന് പോലീസ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മദ്യ വില്പന, മയക്കമരുന്ന്, എന്നിവയുടെ വിതരണവും ഉല്പാദനവും തടയുന്നതിനായി സംസ്ഥാന വ്യാപകമായി ജില്ലകളിൽ എക്സൈസ്, പോലീസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംശയമുള്ള സ്ഥലങ്ങളിൽ റെയ്ഡുകളും മറ്റും നടത്തി കുറ്റക്കാരുടെ പേരിൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിലുള്ള നിരോധിത സാധനങ്ങളുടെ കടത്ത് തടയുന്നതിനായി ജില്ലകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. നിരോധിത ലഹരി സാധനങ്ങളുടെ ഉല്പാദനവും വിപണനവും തടയുന്നതിനായി സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് എന്ന പേരിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ സ്കൂൾ കുട്ടികളിൽ മദ്യം മയക്കമരുന്ന് എന്നിവയുടെ ഉപയോഗം ഇല്ലാതാക്കുന്നതുമായി ബന്ധപ്പെട്ട് 'ഉണർവ്വ് ' എന്ന പേരിൽ ഒരു ബോധവത്ക്കരണ പരിപാടി ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടത്തി വരുന്നു. ഇതിനു പുറമേ അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശനമായ വാഹന പരിശോധനയും പോലീസ് നിരീക്ഷണവും ശക്തിപ്പെടുത്തി ഇത്തരം ലഹരി പദാർത്ഥങ്ങൾ കടത്തുന്നതിനെതിരെ കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഈ ഇനത്തിൽ എത്ര പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) ബാറുകൾ അടച്ച് പൂട്ടിയതിനുശേഷം (01.04.2015 മുതൽ) വ്യാജമദ്യ നിർമ്മാണം, വിതരണം, മയക്കമരുന്ന് വിപണനം-ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് 3016 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) മയക്കമരുന്നുകളുടെയും മറുക്കാൻ പോലുള്ളവയുടെയും ഉപയോഗത്തിന്റെ ലഹരിയിൽ ഇരുചക്രവാഹനമടക്കം നിയന്ത്രണമില്ലാതെ ഓടിക്കുകയും യാത്രക്കാരുടെ മേലും മറ്റ് വാഹനങ്ങളുടെ മേലും തട്ടി അപകടമുണ്ടാക്കുകയും ചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ആയത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (സി) ഇത്തരം സംഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നതു തടയാൻ പോലീസിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് നിരന്തരം പരിശോധനകൾ നടത്തിയും കൺട്രോൾ റൂമിന്റെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ മുഖേന വാഹനങ്ങൾ ഉൾപ്പെടെ നിരീക്ഷണം നടത്തിയും വാഹന പട്രോളിംഗ് നടത്തിയും ഇത്തരം സംഭങ്ങൾ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നവരെയും മയക്കുമരുന്നുപയോഗിച്ച് പരസ്യമായി പ്രശ്നങ്ങളുണ്ടാക്കുന്നവരെയും മയക്കുമരുന്നുകൾ വിൽക്കുന്നവരെയും നിയന്ത്രിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് പറയാമോ : അക്രമവാസനകൾ പ്രകടിപ്പിക്കുന്ന ഇത്തരം ആളുകളെ ഏതു പരിശോധനാ സംവിധാനമുപയോഗിച്ചാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) | ലഹരി ഉപയോഗിച്ച വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചും, ഡ്രൈവർമാർക്കായി, ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിനെതിരെ ബോധവത്ക്കരണ ക്ലാസുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവ മുഖേന ഡ്രൈവർമാരുടെ ഇടയിൽ ലഘുലേഖകൾ വിതരണം ചെയ്തും ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്ന പ്രവണതകൾ കുറച്ച് കൊണ്ട് വരുന്നു. |
| (ഇ) | മദ്യപിച്ചോ, മയക്കുമരുന്നുപയോഗിച്ചോ വാഹനമോടിക്കുന്നു എന്ന സംശയം തോന്നിയാൽ പൊതുജനങ്ങൾക്ക് ഒരു ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിച്ചറിയിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം വിശദമാക്കുമോ : ഇപ്രകാരം പരാതി അറിയിക്കുന്നവരുടെ വിവരം രഹസ്യമായി സൂക്ഷിക്കുമോ ; ഇപ്രകാരം സംവിധാനമില്ലെങ്കിൽ അടിയന്തിരമായി ഇത്തരമൊരു സംവിധാനം ഉണ്ടാക്കുമോ ? | (ഇ) | ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ആയത് പോലീസിനെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് 100 എന്ന ടോൾ ഫ്രീ നമ്പറും, ക്രൈം സ്റ്റോപ്പർ നമ്പരായ 1090 എന്ന ടോൾ ഫ്രീ നമ്പറും എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. ആയതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം പ്രസ്തുത സ്ഥലത്തെത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം വിവരങ്ങൾ അറിയിക്കുന്നവരുടെ പേരു വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ